## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 3341

21.12.2012 ലെ
മറുപടിയ്ക്ക്

### നൃൂനപക്ഷ സമുദായത്തിലെ നിരാലംബരായ സ്ത്രീകളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി

**ചോദ്യം**

ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
ശ്രീ. പി. ബി. അബ്ദുൾ റസാക്
ശ്രീ. പി. കെ. ബഷീർ

**ഉത്തരം**

ശ്രീ. മഞ്ഞളാംകുഴി അലി
(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി)

(എ) ന്യൂനപക്ഷവിഭാഗത്തിൽപ്പെട്ട ഭർത്താവ് ഉപേക്ഷിച്ചവർ, വിവാഹമോചിതർ, വിധവകൾ എന്നിവരെ സഹായിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനും ഉദ്ദേശിച്ചുള്ള പദ്ധതികളെന്തെങ്കിലും നടപ്പാക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദവിവരം നല്കാമോ ;

(എ) യും (ബി) യും: വിവാഹമോചിതരും കഴിഞ്ഞ 5 വർഷമായി പുനർവിവാഹം ചെയ്യാത്തവരും സ്വന്തമായി വീടില്ലാത്തവരും സർക്കാർ സർവ്വീസിലോ അല്ലാതെയോ സ്ഥിരവരുമാനമുള്ള ആൺമക്കൾ ഇല്ലാത്തവരുമായ ന്യൂനപക്ഷ വനിതകൾക്ക് 1000 വീടുകൾ 2 ലക്ഷം രൂപ നിരക്കിൽ ധനസഹായം നൽകി നിർമ്മിക്കാനുള്ള പദ്ധതി നടപ്പിലാക്കുന്ന കാര്യം സർക്കാർ പരിഗണനയിലാണ്.

(സി) ഇവർക്കായി കൂടുതൽ പദ്ധതികൾ നടപ്പാക്കാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ ?

(സി) ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ